വിതരണ ശൃംഖലയുടെ സാങ്കേതിക പരിശോധനയ്ക്കായി ബന്ധപ്പെട്ട രേഖകൾ ഐ.പി.ഡി.ചീഫ് എൻജിനീയറുടെ ഓഫീസിലാണ്. വിശദമായ റിപ്പോർട്ട് കിട്ടിയാലുടൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

51 (1697) തടയണകളും അടയണകളും

ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. എ.കെ. മണി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് മുൻകൈയെടുത്ത് എവിടെയെല്ലാം തടയണകളും അടയണകളും ഉണ്ടാക്കിയിട്ടുണ്ട്;

(ബി) ജനങ്ങൾക്ക് ഒരു ജലസാക്ഷരത പ്രദാനം ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റ് എന്തെല്ലാം പ്രചരണോപാധികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇത് ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇറിഗേഷൻ വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മിച്ചിട്ടുള്ള തടയണകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. അടിയണകൾ ഒന്നും നിർമ്മിച്ചിട്ടില്ല.

(ബി) ജനങ്ങൾക്ക് ഒരു ജലസാക്ഷരത ആവശ്യമാണെന്ന് ബോദ്ധ്യം വന്നതിനാൽ അതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിൽ ത്രിതല പഞ്ചായത്ത് തലത്തിലുള്ള ജനപ്രതിനിധികളേയും ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധികളേയും മറ്റും പങ്കെടുപ്പിച്ചുകൊണ്ട് മീറ്റിംഗുകളും സെമിനാറുകളും നടത്താറുണ്ട്.

(സി) വരും നൂറ്റാണ്ടിൽ ജലത്തിന് വളരെ ദൗർലഭ്യം നേരിടേണ്ടിവരുമെന്നാണ് ശാസ്ത്രജ്ഞൻമാരുടേയും മറ്റും പഠനത്തിലൂടെ തെളിഞ്ഞിട്ടുള്ളത്. ആയതിനാൽ ഉപഭോക്താക്കൾക്ക് ഒരു ജലസാക്ഷരത വളരെ ആവശ്യമാണെന്നാണ് കരുതുന്നത്.

52 (1698) കടലാക്രമണവും വെള്ളപ്പൊക്കവും നിയന്ത്രിക്കാൻ പദ്ധതി

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തുവരുന്ന കാലവർഷംമൂലം സംസ്ഥാനത്ത് ഉണ്ടാകാനിടയുള്ള കടലാക്രമണത്തേയും വെള്ളപ്പൊക്കത്തേയും നിയന്ത്രിക്കാനായി സർക്കാർ മുൻകൂട്ടി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി)കേരളത്തിന്റെ തീരപ്രദേശത്ത് വർഷകാലങ്ങളിൽ ഉണ്ടാകുന്ന കടലാക്രമണംമൂലം വർഷംതോറും ഉണ്ടാകുന്ന ദുരിതങ്ങൾക്കും നാശനഷ്ടങ്ങൾക്കും ശാശ്വത പരിഹാരമായി 86 കിലോമീറ്റർ പുതിയ കടൽഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും 37.40 കിലോമീറ്റർ ദൂരം കടൽഭിത്തിയുടെ പുനരുദ്ധാരണവും ഉൾക്കൊള്ളിച്ചുകൊണ്ട് 307.70 കോടി രൂപയുടെ "പ്രൊട്ടക്ഷൻ ഓഫ് കേരള സീ കോസ്റ്റ്" എന്ന പേരിൽ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരവും സാമ്പത്തിക സഹായവും ലഭിക്കേണ്ടതായിട്ടുണ്ട്. പുതിയ കടൽഭിത്തികളുടെ പണിയും അറ്റകുറ്റപ്പണികളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടത്തുന്നുണ്ട്.

വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നദികളുടേയും, ആറുകളുടേയും, തോടുകളുടേയും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുക, ജലനിർഗ്ഗമനത്തിന് പ്രയാസം നേരിടുന്ന ഭാഗങ്ങളിൽ ജലാശയങ്ങളുടെ ആഴവും വീതിയും വർദ്ധിപ്പിക്കുക തുടങ്ങിയ പ്രവൃത്തികളാണ് ചെയ്തുവരുന്നത്. ഈ പ്രവൃത്തികളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അതാത് സമയങ്ങളിൽ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ഏറ്റെടുത്ത് നടത്തിവരുന്നു.

53 (1699) 'സി ഇറോഷൻ റിഫോർമേഷൻ' പണികളുടെ പുരോഗതി

ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലാക്രമണം തടയുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള 'സി ഇറോഷൻ റിഫോർമേഷൻ' പണികളുടെ 1997-98, 1998-99 വർഷങ്ങളിലെ പ്രവർത്തനപുരോഗതി എന്താണെന്ന് ഓരോ തീരദേശജില്ലകളുടെയും അടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) ഈ പണിക്കുവേണ്ടി പ്ലാൻ, സ്കീമിലും നോൺപ്ലാൻ സ്കീമിലുമായി ഓരോ തീരദേശജില്ലയ്ക്കും ഈ വർഷങ്ങളിൽ എന്തു തുക അനുവദിച്ചിട്ടുണ്ട്.

(സി) ഈയിനത്തിൽ ചെയ്തുതീർത്ത പണികളുടെ എന്ത് തുക കുടിശ്ശിക കൊടുത്തുതീർക്കാനുണ്ടെന്ന് ഓരോ തീരദേശജില്ലയും തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഈ കുടിശ്ശിക തുക നൽകുന്നതിനുവേണ്ടി ഓരോ തീരദേശജില്ലയ്ക്കും എന്ത് തുക അനുവദിച്ചുവെന്നും കുടിശ്ശിക എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കടലാക്രമണം തടയുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള ' ആന്റി സി ഇറോഷൻ റിഫോർമേഷൻ' പണികളുടെ 1997-98, 1998

LIBRARY ARCHIVES Kerala Legislative Assembly